national book festival 2019

കേരള സാഹിത്യ അക്കാദമി
തൃശൂർ
02.02.2019

<u>പത്രക്കുറിപ്പ്</u>

# എഴുത്തുകാർ സമൂഹമനസ്സ് പാകപ്പെടുത്തുന്നു : സൽമ

തൃശൂർ: എഴുത്തുകാർ സമൂഹത്തിന്റെ മനസ്സ് വിശാലമാക്കുകയും പാകപ്പെടുത്തുകയും ചെയ്യുന്നുവെന്ന് പ്രമുഖ തമിഴ് കവിയും നോവലിസ്റ്റുമായ സൽമ പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവും എഴുത്തരങ്ങ് സാംസ്കാരികോത്സവവും ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അവർ. പുസ്തകങ്ങളിലൂടെ ചിന്തിച്ചുവളർന്ന സമൂഹമാണ് കേരളമെന്നും അതിനാൽ കേരളത്തെ പിൻതിരിച്ചു നടത്താനുള്ള ശ്രമം വിജയിക്കില്ലെന്നും സൽമ പറഞ്ഞു. സ്ത്രീകൾക്കെതിരെ ശബരിമലയിൽ നടന്ന അക്രമങ്ങളെ ഒരിക്കലും അംഗീകരിക്കാനാവില്ല. സ്ത്രീവിരുദ്ധനീക്കങ്ങളെ പ്രബുദ്ധമായ ഈ നാട് തൂത്തെറിയുകതന്നെ ചെയ്യും. എഴുത്തുകാരുടെയും കലാകാരന്മാരുടെയും ആവിഷ്കാരസ്വാതന്ത്ര്യം തടയുന്ന സംഭവങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലുമുണ്ടായി. എന്നാൽ, കേരളം എഴുത്തുകാരെ മാനിക്കുന്നതിൽ മുൻപന്തിയിലാണ്. ഇവിടെ നിലനില്ക്കുന്ന സഹിഷ്ണുതയുടെ സംസ്കാരത്തെ തകർക്കാനാവില്ല. തന്റെ പുസ്തകങ്ങൾക്ക് പരിഭാഷകളിലൂടെ നല്ല പരിലാളനം ലഭിച്ച നാടാണിത്. തുടർച്ചയായി എഴുതാനുള്ള ഊർജ്ജം മലയാളം തനിക്ക് നൽകി. നാട്ടിൻപുറത്തുകാരിയായ തനിക്ക് ഏകാന്തതയിലെ കൂട്ടുകാരായിരുന്നു പുസ്തകങ്ങൾ. വായനയുടെയും എഴുത്തിന്റെയും സാമൂഹികരംഗത്തെ പ്രവർത്തനങ്ങളുടെയും ഫലമായാണ് തനിക്ക് മാനസികവികാസം നേടാനായതെന്നും സൽമ പറഞ്ഞു. പുസ്തകോത്സവത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സാഹിതി വാർത്താപത്രിക സൽമ രാമൻ ഭട്ടതിരിപ്പാടിന് നൽകി പ്രകാശനം നിർവ്വഹിച്ചു.

സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ അധ്യക്ഷത വഹിച്ചു. മനുഷ്യസമൂഹത്തിന്റെ പുരോഗതിയിൽ സർഗ്ഗാത്മകഭാവനയും യുക്തിചിന്തയും മഹത്തായ പങ്കുവഹിച്ചിട്ടുണ്ടെന്ന് വൈശാഖൻ പറഞ്ഞു. പുതിയ ആശയങ്ങളും ചിന്തകളും നൽകുന്നതിൽ പുസ്തകങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. വിശ്വമാനവികതയിലേയ്ക്കുള്ള സഞ്ചാരമായാണ് അക്കാദമി പുസ്തകോത്സവത്തെ വിഭാവനം ചെയ്തിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

സർഗ്ഗാത്മകജീവിതത്തിന് അടിത്തറയൊരുക്കുന്ന കർമ്മപരിപാടികളുടെ ഭാഗമായാണ് പുസ്തോത്സവവും സാംസ്കാരികോത്സവവും സംഘടിപ്പിക്കുകയെന്നത് സ്വാഗതപ്രസംഗത്തിൽ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ പറഞ്ഞു. എഴുത്തുകാരും വായനക്കാരും തമ്മിലുള്ള സംവാദങ്ങൾക്കും ഇവിടെ വേദിയൊരുങ്ങും. സമ്പൂർണ്ണമായ അർത്ഥത്തിലൂടെ സാംസ്കാരികോത്സവമായി അക്കാദമിയുടെ പുസ്കോത്സവം വികാസംകൊള്ളുകയാണെന്നും അദ്ദേഹം പറഞ്ഞു. മേയർ അജിത വിജയൻ വിശിഷ്ടാതിഥിയായി. അക്കാദമി നിർവ്വാഹകസമിതിയംഗം ഡോ.സി.രാവുണ്ണി ആശംസയർപ്പിച്ചു. പുഷ്പജൻ കനാരത്ത് നന്ദി പറഞ്ഞു.

വൈകീട്ട് നടന്ന ഹലിമാബീവി ജന്മശതാബ്ദി സമ്മേളനം ബി.എം.സുഹ്റ ഉദ്ഘാടനംചെയ്തു. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് അനുസ്മരണപ്രഭാഷണം നടത്തി. എ.കൃഷ്ണകുമാരി, ഡോ.സി.രാവുണ്ണി, എൻ.സുസ്മിത, ഡോ.ഡി.ഷീല എന്നിവർ സംസാരിച്ചു. ഹലിമാബീവിയുടെ മക്കളായ ജമീല, അൻസാർബീഗം, പേരമക്കളായ റസൽ, സലിം, ഷെഹിൻ, റംല എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് ഡോ.ശ്രീവൽസൻ ജെ.മേനോൻ അവതരിപ്പിച്ച രാഗോത്സവം സംഗീതക്കച്ചേരി അരങ്ങേറി.

സെമിനാറുകൾ, സംവാദം, പ്രഭാഷണം, ജന്മശതാബ്ദി അനുസ്മരണങ്ങൾ, കവിസമ്മേളനം, പുസ്തകപ്രകാശനങ്ങൾ, ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം, നാടകം, നാടൻകലകൾ, സംഗീതക്കച്ചേരി, സൂഫിയാന കൺസേർട്ട്, പാവനാടകം, ചവിട്ടുനാടകം, ഭരതനാട്യക്കച്ചേരി, പാട്ടോർമ്മ, നാടൻപാട്ട് നർമ്മസല്ലാപം എന്നിവ വിവിധ ദിവസങ്ങളിൽ അരങ്ങേറും. പ്രമുഖ പ്രസാധകരുടെ അറുപത്തഞ്ചോളം സ്റ്റാളുകൾ പുസ്തകോത്സവത്തിലുണ്ട്. രാവിലെ 9.30 മുതൽ രാത്രി 8.00 വരെയാണ് പ്രവേശനസമയം.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

# ഇന്നത്തെ പരിപാടി (03.02.2019)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ ഇന്ന് 10.30ന് ഐ ബുക്സ് പുസ്തകപ്രകാശനം, 12.00ന് ഗയ പൂത്തകച്ചാല പുസ്തകപ്രകാശനം, 2.30ന് പ്രളയാക്ഷരങ്ങൾ വില്പന കൗണ്ടർ ഉദ്ഘാടനവും ആദ്യവില്പനയും-പ്രൊഫ.സി.രവീന്ദ്രനാഥ്, 3.00ന് പൂർണ്ണപബ്ലിക്കേഷൻസ് പുസ്തകപ്രകാശനം, 4.30ന് സെമിനാർ (ഭാഷ സംസ്കാരം നവമാധ്യമം), 6.30 ന് സൂഫിയാന കൺസേർട്ട്